പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും.

345. [12] ശ്രീ. പി. നാരായണൻപോറ്റി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഒരു നിർദ്ദിഷ്ട മിനിമം തുകയിൽ കൂടുതൽ വാർഷിക വരുമാനമുള്ള പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി ഉയർത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതുപോലെ ഒരു നിർദ്ദിഷ്ട തുകയിൽ കുറവായി വാർഷികവരുമാനമുള്ള മുനിസിപ്പാലിറ്റികളെ പഞ്ചായത്തുകളായി മാറ്റണമെന്നോ എന്തെങ്കിലും നിർദ്ദേശം ഗവണ്മെൻറിന്റെ മുമ്പിലുണ്ടോ;

(സി) ഇക്കാര്യത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റികളുടേയും പഞ്ചായത്തുകളുടേയും അഭിപ്രായങ്ങളെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

(എ, സി) ഈ പ്രശ്നത്തെപ്പറ്റി ഗവണ്മെൻറ് പഠിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇല്ല.

വൈദ്യുതശക്തി.

346. [29] ശ്രീ. സി. കെ. രാമചന്ദ്രൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചെങ്ങന്നൂർ പഞ്ചായത്തിലേക്ക് 1952-53-ന മുമ്പ് അനുവദിച്ചിട്ടുള്ള വൈദ്യുതശക്തിപോലും ഇതുവരെ പൂർണ്ണമായി കൊടുത്തിട്ടില്ല എന്നു കാണിച്ച് പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമുള്ള വൈദ്യുതശക്തി ടി പഞ്ചായത്തിനു കൊടുക്കുന്നതിന് ഗവണ്മെൻറ് സദയം ഉത്തരവു കൊടുക്കുമോ?

ഉത്തരം.

(എ) അങ്ങനെ ഒരു പരാതി ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത വൈദ്യുതവിതരണം ആദായപ്രദമെന്നു കാണുന്നപക്ഷവും, പഞ്ചായത്തിൽനിന്നോ, അഥവാ തത്പരകക്ഷികളിൽനിന്നോ ആവശ്യപ്പെടുന്നപക്ഷവും ഈ ജോലി നടത്തുന്നതാണ്.

Vengola Co-operative Colony.

347. [30] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state:

(a) whether any loans have been given to Vengola Co-operative Colony (No. 5); and

(b) whether any action has been taken to evict trespassers on?

LIBRARY ARCHIVES Kerala Legislative Assembly